## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4447 — 17.05.2017 ൽ മറുപടിയ്ക്ക്

### ദേവികുളം നിയോജക മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) ദേവികുളം നിയോജക മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഏതെല്ലാം ഭാഗങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ദേവികുളം നിയോജക മണ്ഡലത്തിൽ സപ്ലൈകോ വില്പന ശാലകൾ ഇല്ലാത്ത കാന്തല്ലൂർ, മറയൂർ, വട്ടവട, ദേവികുളം, ഇടമലക്കുടി (പെട്ടിമുടി) എന്നീ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിലാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത്. |
| (ബി) സഞ്ചരിക്കുന്ന മാവേലി സ്റ്റോർ സൗകര്യം കൂടുതൽ സ്ഥലങ്ങളിൽ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ? | (ബി) സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും, സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് നടപ്പിൽ വരുത്തുന്നത് കേന്ദ്ര സർക്കാരിന്റെയോ, എം.എൽ.എ. ഫണ്ടിൽ നിന്നോ, സാമ്പത്തിക സഹായം ലഭ്യമാകുന്ന സമയത്താണ് പുതിയതായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കാനാകുന്നത്. നിലവിലെ സാഹചര്യത്തിൽ പുതിയതായി സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നകാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ